# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2121** **12-02-2013-ൽ മറുപടിയ്ക്ക്**

**കൃഷ്ണ എന്ന പട്ടികജാതി പെൺകുട്ടിയുടെ മാനഭംഗക്കേസ്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. ബി.സത്യൻ :** | | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)** | |
| (എ) | തിരുവനന്തപുരം താലൂക്കിൽ, കൃഷ്ണ യെന്ന പെൺകുട്ടിയെ ക്ലോറോഫോം ഉപയോഗിച്ച് ബോധം കെടുത്തി മാനഭംഗത്തിനിരയാക്കി എന്ന പരാതിയിന്മേൽ പോലീസ് കേസ് എടുത്തിട്ടുണ്ടോ; | (എ) & (ബി) | കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ശ്രീകാര്യം പോലീസ് സ്റ്റേഷനിൽ ക്രൈം നം. 1345/12 U/S 451, 376 IPC & Section 3(1) (X) of SC/ST (PoA) Act. |
| (ബി) | ഉണ്ടെങ്കിൽ, കേസ് എടുത്തിരിക്കുന്നത് ഷെഡ്യൂൾഡ് കാസ്റ്റ് & ഷെഡ്യൂൾഡ് ട്രൈബ്സ് പ്രിവൻഷൻ ഓഫ് അട്രോസിറ്റീസ് ആക്ട് 1989 പ്രകാരമാണോ; | | |
| (സി) | പ്രസ്തുത കേസിന്റെ എഫ്.ഐ.ആർ - ന്റെ പകർപ്പ് ലഭ്യമാക്കാമോ; | (സി) | പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) | പ്രസ്തുത കേസിൽ എത്ര പ്രതികളാണ് ഉൾപ്പെട്ടിട്ടുള്ളത്; | (ഡി) | ഒരു പ്രതിയാണ് ഉൾപ്പെട്ടിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ഇ) | ക്രൂരമായ ആക്രമണത്തിന് ഇരയായ പെൺകുട്ടിയെ നിയമപരമായും സാമൂഹ്യപരമായും ചികിത്സാപരമായും സഹായിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ഇ) | നിയമപരമായി സഹായിക്കുവാനായി ഈ സംഭവം സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്ത് പ്രതിയെ അറസ്റ്റ് ചെയ്തിട്ടുള്ളതും തുടരന്വേഷണം നടത്തി വരികയുമാണ്. ടിയാൾക്ക് ചികിത്സാ ധനസഹായം അനുവദിക്കുന്നതിനുള്ള (നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി) നടപടി സ്വീകരിക്കുവാനും തിരുവനന്തപുരം ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് ബന്ധപ്പെട്ട വകുപ്പ് നിർദ്ദേശം നൽകുന്നതാണ്. |
| (എഫ്) | വാസയോഗ്യമായ ഒരു വീടു പോലുമില്ലാത്ത പ്രസ്തുത പെൺകുട്ടിയുടെ കുടുംബത്തിന് മതിയായ സാമ്പത്തിക സഹായം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ? | (എഫ്) | ടി പെൺകുട്ടിയുടെ കുടുംബത്തിന് തിരുവനന്തപുരം നഗരസഭയിൽ നിന്നും 8 വർഷങ്ങൾക്ക് മുമ്പ് വീട് അനുവദിച്ചിരുന്നുവെങ്കിലും അവസാനഗഡു കൈപ്പറ്റുകയോ, പണി പൂർത്തിയാക്കുകയോ ചെയ്തിട്ടില്ല. നിലവിൽ വീട് നൽകാനുള്ള മാനദണ്ഡപ്രകാരം ടിയാൾക്കോ കുടുംബത്തിനോ ഭവന നിർമ്മാണം അനുവദിക്കുവാൻ നിർവാഹമില്ല എന്നും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ